പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ഇന്ദിര ആവാസ് യോജന

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2997

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, വി. റ്റി. ബൽറാം<br>,, ഹൈബി ഈഡൻ<br>,, അൻവർ സാദത്ത് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾവിശദമാക്കുമോ; | (എ) | ഗ്രാമീണമേഖലയിൽ വാസയോഗ്യമായ വീടില്ലാത്ത ബിപിഎൽ. കുടുംബങ്ങൾക്ക് സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഐ.എ.വൈ യുടെ ലക്ഷ്യം. |
| (ബി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | ഇന്ദിര ആവാസ് യോജനയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. ഇതിൽ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. കേരളത്തിലെ വർദ്ധിച്ച നിർമ്മാണ ചിലവ് പരിഗണിച്ച് കേരള സർക്കാർ എസ്.സി/ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയായും പട്ടിക വർഗ്ഗത്തിന് 2.50 ലക്ഷം രൂപയായും ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് വരുന്ന അധിക ബാധ്യതയിൽ 50,000/-രൂപ കേരള സർക്കാർ അധിക ധനസഹായമായും നൽകുന്നുണ്ട്. ബാക്കിവരുന്ന തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ നൽകുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. എസ്.സി/ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2.50 ലക്ഷം രൂപയായും ധനസഹായം ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ